# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം ന മ്പർ: 44 — 19.03.2013 ൽ മറുപടിക്ക്

## ട്രെയിനുകളിലെ സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ:<br>,, കെ. മുഹമ്മദുണ്ണി ഹാജി:<br>,, പി.ബി. അബ്ദുൾ റസാക്:<br>,, സി. മമ്മൂട്ടി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | റെയിൽവേ കോച്ചുകളുടെ അപര്യാപ്തതയും യാത്രക്കാർ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളും കഷ്ടനഷ്ടങ്ങളും, കാലപ്പഴക്കം സൃഷ്ടിക്കുന്ന അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിനു പരിഹാരം കാണുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70%നുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ള വയാണെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്ന്. കേന്ദ്ര റയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്..<br><br>(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിൽ കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് അടിയന്തിര പരിഹാര നടപടികൾ സ്വീകരിക്കുമോ? | | ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും;<br>(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും;<br>(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും;<br>(i) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും.<br><br>കൂടാതെ 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ കൊച്ചുവേളിയിൽ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് കേന്ദ്രം ഇക്കൊല്ലം തന്നെ സ്ഥാപിക്കുന്നതിന് 5 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**